


വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
സെപ്റ്റംബർ 18


**ഏലിയാ സ്ലീവ മൂശ രണ്ടാം ഞായർ (സ്ലീവാ ഒന്നാം ഞായർ)**



# ത്യാഗത്തിന്റെ കുരിശ്

സംഖ്യ 21:1-9, സഖറിയ 10:8-12, ഗലാ 6:11-18, മത്താ: 10:34-42

## ചില ചരിത്രങ്ങൾ

സമാധാനത്തിന്റെ രാജകുമാരനായല്ലേ അവൻ പിറന്നത്? പിന്നെന്തേ സമാധാനം സ്ഥാപിക്കാനല്ല താൻ വന്നിരിക്കുന്നത് എന്നുള്ള പ്രഖ്യാപനം? ഈ വചനങ്ങളിൽ തട്ടി വീഴാത്തവർ ചുരുക്കം.

യഹൂദർ ക്രിസ്തുവിൽ വിശ്വസിച്ച് തുടങ്ങിയപ്പോൾ ആദിമസഭയിൽ ഉടലെടുത്ത ആശങ്കളിലൊന്നിന് മറുപടിയായയാണ് ഈ വചനങ്ങൾ എഴുതപ്പെട്ടതെന്ന് പണ്ഡിതമതം. ഒരേ വീട്ടിൽ യഹൂദ വിശ്വാസവും ക്രിസ്തു വിശ്വാസവും വളർന്നുവന്നപ്പോൾ ചില കുടുംബകലഹങ്ങൾ ഉടലെടുത്തിട്ടുണ്ടാവാം. ഈ കലഹങ്ങൾ അനിവാര്യവും, ശാശ്വതസമാധാനത്തിനുള്ള വഴിയുമാണെന്ന് ആദിമക്രിസ്ത്യാനികളെ ഉദ്ബോദിപ്പിക്കുകയാവാം ഈ വചനങ്ങൾ. കുടുംബകലഹങ്ങളെ സാധൂകരിക്കാൻ എഴുതിയതായി ഈ വചനത്തെ ഉപയോഗിച്ചാൽ ചെകുത്താൻ വചനം വ്യാഖ്യാനിക്കുന്നതിനു തുല്യമാകും. ഈശോയുടെ അമ്മയും വീട്ടുകാരും അവനെ കാണാൻ ചെന്നപ്പോൾ അവനെ ശ്രവിച്ച് കൊണ്ടിരിക്കുന്നവരെ നോക്കി, അവരാണ് അമ്മയും കുടുംബക്കാരും എന്നും പറഞ്ഞതും ഇതേ അർത്ഥത്തിൽ. വിശ്വാസത്തിന്റെ പേരിൽ കുടുംബബന്ധങ്ങൾ ഉപേക്ഷിക്കേണ്ടി വരും എന്ന് തന്നെ ആഹ്വാനം.

## യാഥാർഥ്യവും വ്യംഗ്യാർത്ഥവും

ഈശോ തന്റെ അവസാനത്തെ ജെറുസലേം യാത്ര തുടങ്ങുകയായിരുന്നു. ശിഷ്യന്മാരെ പോകുന്ന വഴികളിൽ വിവരത്തിനും തയ്യാറെടുപ്പിനുമായി മുൻപേ അയച്ചു. അവൻ പ്രതീക്ഷിച്ചതിലും വലിയ പ്രതികരണമാണുണ്ടായത്. പുരുഷന്മാർ മാത്രം നാലായിരത്തോളം ഉണ്ടായിരുന്നു തുടക്കത്തിൽ. അവർക്കെല്ലാം ഭക്ഷണം നൽകിയതിന് ശേഷം ലൂക്ക സുവിശേഷകൻ അവനോടൊപ്പം യാത്രചെയ്യാനുള്ള നിബന്ധനകൾ വിവരിക്കുന്നു. ഇത്രയും അധികം ജനം എന്തോ തെറ്റിധരിച്ചിട്ടാണ് പുറകെ കൂടിയിരിക്കുന്നത്. അഞ്ചപ്പം കൊണ്ട് വയറു നിറഞ്ഞവരാണ് അധികവും. അവരോടാണ് ഈ നിബന്ധനകൾ ഉയർത്തുന്നത്. മൂന്ന് നിബന്ധനകളാണ് :

(1) എന്നെക്കാളുപരി മാതാപിതാക്കളെ സ്നേഹിക്കുന്നവർ എനിക്ക് ചേർന്നവനല്ല. (2) എന്നെക്കാളുപരി മക്കളെ




ജിഷ ഷാജി

സ്നേഹിക്കുന്നവർ എനിക്ക് യോഗ്യനല്ല. (3) സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കാത്തവർ എനിക്ക് യോഗ്യരല്ല. ഈ വചനങ്ങളിൽ തട്ടി വീഴേണ്ടതില്ല.

ഈ യാത്രയുടെ അന്ത്യത്തെക്കുറിച്ച് പൂർണ്ണബോധ്യം വന്നാൽ തിരിച്ച് പോകേണ്ടവർക്ക് പോകാൻ അവസരം നൽകുകയാണ് ക്രിസ്തു. തിരിച്ച് വരുമെന്ന് ഉറപ്പുള്ള യാത്രയല്ലായിരുന്നു അത്. ഇനി മാതാപിതാക്കളെ കാണാനോ അവരുടെ അന്ത്യകർമ്മങ്ങൾക്ക് തിരിച്ച് വരാനോ ഇടയില്ല. മക്കളെ ഒരു നോക്ക് കാണാൻ തിരിച്ച് വരുമെന്ന വിചാരവും വേണ്ട. വിട്ടുപിരിയാൻ കഴിയാത്ത സ്നേഹം ഉണ്ടെങ്കിൽ തിരിഞ്ഞു നടന്നോളൂ എന്ന് തന്നെ അർത്ഥം. ഒട്ടും നീരസത്തോടെയല്ല തനിക്ക് യോഗ്യരല്ലാത്തവരെ അവൻ വിലയിരുത്തുന്നത്.

സ്വന്തം കുരിശുമെടുത്ത് തന്നെ പിന്തുടരാൻ പറയുമ്പോൾ 'ഇതെന്തൊരു കുരിശ്!' എന്ന തരം ഉൽപ്രേക്ഷകൾ അന്നു വന്നിട്ടില്ല. കുരിശ് ചുമക്കുക എന്നാൽ, മരണത്തിനു വിധിക്കപ്പെടുക എന്ന് തന്നെ, റോമാക്കാരുടെ വധശിക്ഷാപാധി. ഈ യാത്രക്കൊടുവിൽ ഈശോയെ കാത്തിരിക്കുന്നത് കുരിശുമരണമാണെന്ന് അവനറിയാമായിരുന്നു. അവനോടൊപ്പം കൊല്ലപ്പെടാം എന്ന യഥാർഥ്യമാണ് അവൻ അവരോട് പറഞ്ഞത്. ഇവിടെയൊന്നും ഉപമകളില്ല, ഉൽപ്രേക്ഷകളില്ല. നിന്റെ ജീവിതത്തിന്റെ ബുദ്ധിമുട്ടുകളാണ് നിന്റെ കുരിശ് എന്നുള്ള പ്രസംഗങ്ങൾ അല്ല ഇത്. മരണം എന്ന യാഥാർഥ്യത്തിലേക്ക് നോക്കിയുള്ള യാത്രയായിരുന്നു അവന്. കൂടെയുള്ളവർ ദാവീദിന്റെ സിംഹാസനത്തിന്റെ പുനഃസ്ഥാപനം മാത്രമേ കണ്ടുള്ളു. സ്വപ്നങ്ങളിൽ നിന്ന് മാറി യാഥാർഥ്യത്തിലേക്ക് കണ്ണുകൾ തിരിപ്പിക്കാനാണ് അവൻ ശ്രമിക്കുന്നത്. ഉപമകളും ഉൽപ്രേക്ഷകളുമില്ലാതെ യാഥാർഥ്യത്തിന്റെ കണ്ണിലൂടെ ഈ ഭാഗം വായിച്ചെടുത്താലേ ഇതിൽ മറഞ്ഞു കിടക്കുന്ന ഭീകരമുഖം വ്യക്തമാവൂ.

## കുരിശു രക്ഷയുടെ അടയാളം

ഇന്ന് കുരിശ് ഒരാളുടെ അങ്കലാപ്പുകൾക്കും വേദനകൾക്കുമുള്ള പേര് മാത്രമല്ല രക്ഷയുടെ ചിഹ്നവും, പ്രതീക്ഷയുടെ പ്രതീകവുമാണ്. പ്രാർത്ഥനാഗ്രൂപ്പ് ലീഡർ ഷെയറിംഗിന്റെ ഇടയിൽ പറഞ്ഞു, കുരിശ് കെട്ടിപ്പിടിച്ചു കരഞ്ഞിട്ടാണ് ഞാൻ ഈ നിലയിൽ എത്തിയത്. പുതിയ അംഗത്തിന് ഒന്നും മനസ്സിലായില്ല. ഗ്രൂപ്പിലെ പങ്കാളിത്തം പതിവാക്കിയപ്പോൾ കുറച്ചൊക്കെ പിടികിട്ടി. ഒരിക്കൽ ലീഡറുടെ ജീവിതാനുഭവം മുഴുവൻ കേൾക്കാൻ ഇടവന്നു. ജീവിതത്തിലെ വ്യത്യസ്ത സാഹചര്യങ്ങളിൽ കുരിശിന്റെ കീഴിൽ അഭയം പ്രാപിച്ച് കാര്യങ്ങൾ സുഗമമാക്കിയ ആ അമ്മയുടെ - ലീഡറിന്റെ - അനുഭവ സാക്ഷ്യമായിരുന്നു അന്നത്തെ ഹൈലൈറ്റ്. സഹനവേളകളിൽ കുരിശ് രക്ഷയായ അനുഭവം.

## സ്വയം നശിച്ച് പുതു ജീവൻ കിളിർപ്പിക്കുന്നവർ

വിരോധാഭാസപ്രയോഗങ്ങളിലൂടെ സ്വർഗ്ഗരാജ്യത്തെ ചിത്രീകരിച്ചവനാണ് ക്രിസ്തു. അഷ്ടസൗഭാഗ്യങ്ങളിൽ ഈ പ്രയോഗങ്ങൾ വെളിവാകുന്നുണ്ട്. ഇന്നത്തെ ഉദ്ബോധനം, ജീവൻ സൂക്ഷിക്കാൻ ശ്രമിക്കുന്നവർ അത് നഷ്ടപ്പെടുത്തും എന്നും അത് വ്യയം ചെയ്യുന്നവർ ജീവൻ നില നിർത്തും എന്നുമാണ്. ഗോതമ്പുമണിപോലെ അഴിഞ്ഞുപോയ അവൻ ഇന്നും ഉയിർക്കുകയാണ്, എണ്ണമില്ലാത്ത കതിരുകൾ ചൂടി. ക്രിസ്തുവിന് മുൻപേ സ്വന്തം ജീവൻ നില നിർത്താൻ ഒരാൾ അവനെ ഒറ്റു കൊടുത്ത് അതു പാഴാക്കുന്നുണ്ടല്ലോ.

2016 ജൂലൈ മാസത്തിലെ ഒരു പ്രഭാതം. ചാറ്റൽ മഴയ്ക്കിടയിലൂടെ പ്രകൃതിയുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള ഒരു യാത്ര.

'മോളെവിടേയ്ക്കാ?' സൗമ്യമായ ചോദ്യം. ഉത്തരം പറഞ്ഞു തീരും മുൻപേ അടുത്ത ചോദ്യങ്ങളായി. എഴുപത്തിമൂന്ന് വയസ്സുള്ള, ഐശ്വര്യവതിയായ ഒരു അമ്മ. വാർദ്ധക്യം ഗ്രസിച്ചു എന്നൊന്നും പറയാനാവില്ല. തീക്ഷ്ണതയുള്ള കണ്ണുകൾ, ആരോഗ്യം നഷ്ടപ്പെട്ടിട്ടില്ലാത്ത ശരീരം. തന്നെ കേൾക്കാൻ ആളെ കിട്ടിയ ആശ്വാസത്തിൽ അവർ തുടർന്നു.

മൂന്ന് ആൺമക്കളുടെ അമ്മ. ബിസിനസ്സു കാരനായ ഭർത്താവിന്റെയൊപ്പം കൊച്ചിയിലെ വലിയ വീട്ടിൽ താമസം. 'പഴയ ഇംഗ്ലീഷ് മീഡിയ'ത്തിൽ പഠിച്ച ഭർത്താവിൽ നിന്നും അത്യാവശ്യം ഇംഗ്ലീഷും വശമാക്കി. സന്തോഷം അധികം നാൾ നീണ്ടു നിന്നില്ല. അപ്രതീക്ഷിതമായി തകർന്നു പോയ ബിസിനസ് തിരിച്ചു പിടിക്കാൻ സാധിക്കാതെ വന്നപ്പോൾ വാടക വീട്ടിലേയ്ക്കു മാറേണ്ടിവന്നു. കയ്യിലുണ്ടായിരുന്ന സമ്പാദ്യമെല്ലാം തീർന്നു, ബാധ്യത കൂടിക്കൂടി വന്നു. ഹൃദ്രോഗത്തിനടിപ്പെട്ട് ഭർത്താവ് മരണമടഞ്ഞു. ദാരിദ്ര്യം കൂട്ടിനുള്ളതിനാൽ ബന്ധുക്കളും സുഹൃത്തുക്കളും അകന്നു നിന്നു. സരസ്വതിയമ്മ, അതാണവരുടെ പേര്, പക്ഷേ തളർന്നില്ല. ഒരു ചെറിയ ഹോട്ടലിൽ പാചകക്കാരി ആയി ജോലി ആരംഭിച്ചു. തന്റെ ഇഷ്ടമേഖലയായ പാചകപ്പുരയിൽ അവർക്കു സന്തോഷം കണ്ടെത്താൻ കഴിഞ്ഞു.

മക്കളുടെ പട്ടിണി മാറി. പഠനം നടന്നു. കൈപ്പുണ്യം തിരിച്ചറിഞ്ഞ ഒരാൾ കുറെക്കൂടി മെച്ചപ്പെട്ട ഹോട്ടലിൽ സ്ഥിരം ജോലി തരപ്പെടുത്തി. മക്കൾ കുടുംബസ്ഥരായി, സ്ഥിരം വരുമാനക്കാർ ആയി. അവരുടെ മക്കൾ പഠനമേഖലയിലും. ഇപ്പോഴും സരസ്വതിയമ്മ പഴയ 'കുക്ക് 'തന്നെ. സ്വയം ശോഷിച്ചെങ്കിലും പല ജീവനുകളെ ഉയിർപ്പിച്ചവളാണവൾ.

ഇന്നത്തെ സുവിശേഷം പ്രതിഫലത്തെക്കുറിച്ച് പറയുന്നുണ്ട്. 'ഈ ചെറിയവരിൽ ഒരുവന്, ശിഷ്യൻ എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ' (വി. മത്തായി 10/42) ഒരു പാത്രം വെള്ളത്തിന് ഒരു സ്വർഗ്ഗരാജ്യം തീറെഴുതിക്കൊടുക്കുന്ന കർത്താവ്! അല്ലെങ്കിലും അവൻ നൽകുന്ന പ്രതിഫലങ്ങൾ അങ്ങനെയാണ്, ഒരു മണിക്കൂർ മാത്രം ജോലി ചെയ്താലും ഒരു ദിനത്തിന്റെ വേതനം നൽകുന്നവൻ. അവന്റെ പാഴ്ചിലവുകളും അതുപോലെ തന്നെ. കാണാതായ ഒരു നാണയം കണ്ടു കിട്ടിയ സ്ത്രീ, രണ്ടു നാണയത്തിന്റെ ചെലവ് ചെയ്ത് ആഘോഷിക്കുകയാണ്. അവന്റെ മൂല്യനിർണ്ണയം നമ്മുടെ വിലയിരുത്തലുകൾക്ക് അതീതമായ എന്തോ ഒരളവുകോൽ വച്ചാണ്.

ഒരു പാത്രം വെള്ളത്തിനും അര വയറ് ചോറിനുമൊക്കെ ലാവിഷായി സ്വർഗ്ഗരാജ്യം തീറെഴുതിക്കൊടുക്കുന്ന അവന്റെ കൂടെ നമ്മളും ഉണ്ടാവണം. അവനത്രയും ദാഹിക്കുന്നുണ്ട്! അവനത്രയും വിശക്കുന്നുണ്ട്!